## ആമുഖം

എറണാകുളം ജില്ലയിലെ എറണാകുളം വിദ്യാഭ്യാസ ജില്ലയിൽ ഉൾപ്പെടുന്ന എറണാകുളം ഉപജില്ലയിൽ ഉള്ള ഒരു സർക്കാർ പ്രൈമറി വിദ്യാലയമാണ് എസ് ആർ വി ഗവൺമെന്റ് എൽ പി സ്കൂൾ എറണാകുളം. പ്രിപ്രേമി മുതൽ നാലാം ക്ലാസ് വരെ ഓരോ ഡിവിഷനുകൾ വീതമുണ്ട്. 5 അധ്യാപകരാണ് ഉള്ളത്.

## ചരിത്രം

കൊച്ചിയുടെ വിദ്യാഭ്യാസ ചരിത്രത്തിൽ ദീപ്തമായ സ്ഥാനമാണ് എസ് ആർവി സ്കൂളിനുള്ളത്. എറണാകുളം നഗരത്തിന്റെ ഹൃദയഭാഗം ആയ ശ്രീ രാമവർമ്മ ഡിപ്പാർട്ട്മെന്റ് അപ്പർ പ്രൈമറി സ്കൂൾ വിശുദ്ധമായ ഒരു പൈതൃകത്തിന്റെ സജീവ സ്മാരകമാണ്.

1845ൽ ദിവാൻ ശങ്കര വാര്യരുടെ ഉത്തരവ് പ്രകാരം കെല്ലി എന്ന സായിപ്പിനെ അധ്യാപകൻ ആക്കി കൊച്ചിൻ രാജാസ് സ്കൂൾ എന്ന പേരിൽ ഏകാധ്യാപക എലിമെന്ററി വിദ്യാലയം ആയാണ് എസ് ആർ വി സ്കൂൾ സ്ഥാപിതമായത്.

വിദ്യാർത്ഥികളെയും അധ്യാപകരുടെയും എണ്ണമേറിയപ്പോൾ സ്കൂൾ വിഭാഗം കോളേജ് വളപ്പിൽ നിന്ന് മാറ്റേണ്ടത് ആവശ്യമായി വന്നു. കാരക്കാട് കുടുംബക്കാർ നൽകിയ സ്ഥലത്ത് 1934 ൽ ഇന്നത്തെ സ്കൂൾ പ്രവർത്തനം ആരംഭിച്ചു. ഇവിടെനിന്ന് പഠനം പൂർത്തിയാക്കി പിരിഞ്ഞുപോയ പലരും ഉന്നതസ്ഥാനങ്ങളിൽ എത്തുകയും രാഷ്ട്ര സേവനം മാതൃകാപരമായി തുടരുകയും ചെയ്തു വരുന്നു.

**ലക്ഷ്യങ്ങൾ**

മാനസിക സമ്മർദ്ദങ്ങൾ ഇല്ലാതെ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ സുഗമമാക്കുക.

കുട്ടികളുടെ അവകാശങ്ങൾ അറിഞ്ഞ് സംരക്ഷിക്കുക.

പ്രതിഭാധനരായ കുട്ടികൾക്ക് വളരുവാനുള്ള അവസരം ഒരുക്കുക.

പഠനപിന്നോക്ക അവസ്ഥയിലുള്ളവിദ്യാർത്ഥികളെ മുഖ്യധാരയിൽ എത്തിക്കുക.

കുട്ടികളിൽ സാമൂഹിക പ്രതിബദ്ധത വളർത്തുക.

കുട്ടികളുടെ കല കായിക ശേഷികൾക്ക് വളരുവാനുള്ള പ്ലാറ്റ്ഫോം ഒരുക്കുക.

വായനാശീലം വളർത്തുക.

ഭിന്നശേഷി കുട്ടികൾക്ക് അവരുടെ കഴിവിന്റെ പരമാവധിയിലേക്ക് എത്തിക്കുക.

പാട്ട് അരങ്ങിന്റെ പ്രാധാന്യം തിരിച്ചറിയുന്നു

**അക്കാദമിക് മാസ്റ്റർ പ്ലാൻ - റീഡേഴ്സ് തിയേറ്റർ.**

ലഘു വിവരണങ്ങൾ, കഥകൾ, കുട്ടിക്കവിതകൾ, സംഭാഷണം തുടങ്ങിയവ ഭാവാത്മകമായി ആശയം ഉൾക്കൊണ്ട് വായിക്കാൻ കഴിയുന്നവരാകണം രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും. വൈവിധ്യമുള്ള പഠനതന്ത്രങ്ങളിലൂടെ, ഭാഷാമികവുകൾ ഉണ്ടാക്കാൻ അധ്യാപികയ്ക്ക്

കഴിയും. ചെറിയ കുട്ടികളെന്ന നിലയിൽ അഭിന യത്തോടു കൂടിയ വായനയ്ക്കും ശ്രാവ്യവായനയ്ക്കും വളരെയധികം സാധ്യതയുള്ള പ്രവർത്തനമാണ് റീഡേഴ്സ് തിയേറ്റർ.

**ലക്ഷ്യപ്രസ്താവനകൾ**

* രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളും റീഡേഴ്സ് തിയേറ്റർ പ്രവർ ത്തനങ്ങളിലേർപ്പെടുന്നു.

* രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളും മികച്ച വായനക്കാരായിമാറുന്നു

* പാഠപുസ്തകങ്ങളിലേയും കഥാപുസ്തകങ്ങളിലെയും കവിത പുസ്തകങ്ങളിലേയും സന്ദർഭങ്ങളെ റീഡേഴ്സ് തിയേറ്ററിന്റെ ഭാഗമായി അവതരിപ്പിക്കുന്നു.

* ഭാഷയിലെ പഠനവളർച്ചയ്ക്ക് പാട്ട്, കവിത, ശ്രാവ്യവായന, സംഗീതം, ഭാവാത്മക വായന തുടങ്ങിയ സങ്കേതങ്ങൾ ഫലപ്രദ മായി ഉപയോഗിക്കുന്നു.

**പ്രവർത്തനഘട്ടങ്ങൾ.**

* റീഡേഴ്സ് തിയേറ്റർ എന്ന ആശയം SRG യിൽ പങ്കിടുന്നു

* ക്ലാസ്സ്PTA യിൽ അവതരിപ്പിച്ച് രക്ഷിതാക്കളുടെ പിന്തുണ ഉറപ്പുവരുത്തുന്നു.

* റീഡേഴ്സ് തിയോർ ശില്പശാല നടത്തുന്നു.

തിയേറ്റർ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

Edit with WPS Office

## സചിത്രപുസ്തകം

* രണ്ടാംക്ലാസിലെ മുഴുവൻ പാഠഭാഗങ്ങളും സചിത്ര പുസ്തക രൂപത്തിൽ അവതരിപ്പിക്കുന്നതിനുള്ള പ്രായോഗിക ധാരണനേടുന്നു.

* കുട്ടികൾ സ്വതന്ത്രരചയിതാക്കളും വായനക്കാരുമായി മാറുന്നു

* പ്രവർത്തനങ്ങളിൽ പരിസരപഠനം ഭാഷ, കലാകായിക ഉദ്ഗ്രഥന സാധ്യത ഉറപ്പാക്കുന്നു

*അനുഭവങ്ങളുടെ അടിസ്ഥാനന്നിൽ സചിത്ര പാഠ പുസ്തകം മെച്ചപ്പെട്ടതുന്നു.

*സചിത്രപുസ്തകം അജണ്ടയാക്കിയ പ്രതിമാസ രക്ഷാകർത്തൃയോഗങ്ങൾ

__വിലയിരുത്തൽ__

സചിത്ര പാഠപുസ്തകങ്ങൾ പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പിലാക്കുന്നതിൽ ടീച്ചർക്ക് ധാരണയുണ്ട് എന്ന് ഉറപ്പുവരുത്തുന്നു

* എല്ലാ കുട്ടികളുംസചിത്രപാഠപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## സംയുക്ത ഡയറി /സർഗാത്മക ഡയറി

കുട്ടികളിലെ ഭാപനാശേഷി വികസനത്തിനും

ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് ആശയങ്ങൾ അവതരിപ്പിക്കുന്നതിനും അവരെ സ്വതന്ത്ര രചനയിലേക്കു നയിക്കുന്നതിനും സംയുക്ത ഡയറി സഹായിക്കുന്നു.

ലക്ഷ്യപ്രസ്താവന:

* ഭാഷാശേഷി വികാസം സാധ്യമാകുന്നു

സർഗ്ഗാത്മകതയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്നു.

* നിരീക്ഷണപാടവം വർധിപ്പിക്കുരുന്നു

* ഭാവന വികസിക്കുന്നു

* സ്വതന്ത്ര രചനയ്ക്ക് പ്രാപ്തരാകുന്നു

* സ്വന്തം അനുദവം തന്റേതായ വാക്യങ്ങളിൽ പ്രകടിപ്പിക്കുന്നു. '

* അക്ഷരത്തെറ്റില്ലാതെയും, വാക്യഘടന യോടെയും പരിശീലിക്കുന്നു

**പ്രവർത്തനഘട്ടങ്ങൾ**

* SRG

മുന്നറിവ് പരിശോധിക്കുന്നു (Pre-test)

* class PTA

കുട്ടിയും രക്ഷിതാവും ചേർന്നുള്ള ഡയറി എഴുത്ത്

ആവശ്യ പിന്നോക്കക്കാർക്ക് ആവശ്യമായ പിന്തുന്ന അധ്യാപിക നൽകുന്നു.

## പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പിന്തുണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നു

അനുരൂപീകരണ പ്രവർത്തനങ്ങൾ കണ്ടെത്തി നൽകുന്നു

കുത്തുകൾ യോജിപ്പിക്കൽ

നിറം നൽകൽ

### മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| വായനയെ പരിപോഷിപ്പിക്കുക | ലൈബ്രറി പുസ്തകങ്ങൾ കുട്ടികൾക്ക് നൽകുന്നു വായന കുറിപ്പുകൾ ക്വിസ് വിവരണങ്ങൾ എന്നിവ തയ്യാറാക്കി അവതരിപ്പിക്കുന്നു | ജൂൺ - മാർച്ച് |
| | കടങ്കഥ പഴഞ്ചൊല്ല് എന്നിവ ശേഖരിച്ചു അവതരിപ്പിക്കുന്നു | ജൂൺ - മാർച്ച് |
| വായനയെ പരിപോഷിപ്പിക്കുക | എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി /വായന കോർണർ ലഭ്യമാക്കുന്നു.<br>പിറന്നാൾ പുസ്തകം പരിപാടിയിലൂടെ പുസ്തകം ശേഖരിക്കുന്നു. | |
| | വായന കാർഡുകൾ തയ്യാറാക്കി നൽകുന്നു .അസംബ്ലി യിൽ വായിച്ച് അവതരിപ്പിക്കുന്നു. | |

| | | |
|---|---|---|
| അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെ കുറിച്ച് കുറിപ്പ് തയ്യാറാക്കൽ '<br><br>കൂടുതൽ കുറിപ്പുകൾ തയ്യാറാക്കിയ കുട്ടിക്ക് വർഷാന്ത്യം വായനാം പെരുമാൾ പുരസ്കാരം നൽകിയ ആദരിക്കുന്നു<br><br>ഡയറിക്കുറിപ്പുകൾ തയ്യാറാക്കുന്നു | ജൂൺ - മാർച്ച് |
| ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | നാടകം റോൾപ്ലേ സംഭാഷണം പദ്യം ചൊല്ലൽ ദൃശ്യാവിഷ്കാരം തുടങ്ങി പാഠഭാഗത്തുനിന്ന് കിട്ടിയ അറിവുകൾ അവതരിപ്പിക്കുന്നതിനുള്ള അവസരം സർഗ്ഗ വേളകളിൽ നൽകുന്നു<br><br>ഐടി സാധ്യത പ്രയോജനപ്പെടുത്തുന്നു | ജൂൺ - മാർച്ച് |

# പരിസര പഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| ശാസ്ത്ര പ്രക്രിയശേഷികളുടെ വളർച്ചയ്ക്ക് ഇണങ്ങും വിധമുള്ള പ്രവർത്തനങ്ങൾ ഒരുക്കുക | എല്ലാ കുട്ടികൾക്കും ശാസ്ത്ര പരീക്ഷണങ്ങൾ കിണങ്ങും വിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീക്ഷണ കിറ്റ് തയ്യാറാക്കൽ | ജൂൺ - മാർച്ച് |
| നാടിനെ അറിയാം<br><br>നമ്മുടെ നാടിൻറെ ചരിത്രം മനസ്സിലാക്കുന്നതിന് സാംസ്കാരികമായ അതിൻറെ തനിമ നിലനിർത്തുന്നതിന് | കേരളം ഇന്ത്യ എന്നിവയുടെ പ്രത്യേകതകൾ ചരിത്രം എന്നിവ മനസ്സിലാക്കി ചുമർപത്രിക തയ്യാറാക്കുന്നു | ജൂലൈ |
| ശാസ്ത്രജ്ഞനോടൊപ്പം<br><br>ശാസ്ത്ര താത്പര്യം വളർത്തുക | വിവിധ ശാസ്ത്ര കൗതുകങ്ങൾ ചാർട്ട് പരീക്ഷ നാടകം എന്നിവ ഉൾപ്പെടുത്തി ശാസ്ത്രമേള നടത്തുക<br><br>മേളയിൽ ഒരു ശാസ്ത്ര അധ്യാപകന്റെ സേവനം ലഭ്യമാക്കുക | ആഗസ്റ്റ് |
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക | പ്രകൃതി നടത്തം<br><br>ജീവജാലങ്ങളെ നിരീക്ഷിക്കലും പരസ്പര ആശ്രയത്വം ചർച്ച ചെയ്യൽ കുറിപ്പ് തയ്യാറാക്കൽ മലിനീകരണ പ്രശ്നങ്ങൾ അനുഭവിച്ചറിയാം പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യൻറെ ഇടപെടലുകൾ | ജൂൺ - ഒക്ടോബർ |
| നിരീക്ഷണം<br><br>പക്ഷിനിരീക്ഷണം. | പക്ഷികളുടെ<br><br>തൂവൽ തിരിച്ചറിയൽ<br><br>ചെടിയുടെഭാഗങ്ങൾ തിരിച്ചറിയൽ | ജൂലൈ |
| സഞ്ചാര രീതികൾ<br><br>ആഹാരസമ്പാദന രീതികൾ | ചുറ്റുപാടുമുള്ളജീവികളുടെതി രിച്ചറിയുന്നു<br>പട്ടികപ്പെടുത്തുന്നു | . ജൂൺ - മാർച്ച് |

## ഗണിതം

| ലക്ഷ്യം | പ്രവർത്തനം | |
|---|---|---|
| സംഖ്യാ ബോധം | കൂട്ടങ്ങൾ ആക്കൽ<br><br>സംഖ്യ മാല<br><br>സംഖ്യ കാർഡ്<br><br>സംഖ്യാ വ്യാഖ്യാനം . | ജൂൺ - മാർച്ച് |
| ചതുഷ്ക്രിയകൾ തെറ്റില്ലാതെ കൈകാര്യം ചെയ്യുന്നു | കളി നോട്ടുകൾ ഉപയോഗിച്ച് സംഘലനം<br><br>പ്രായോഗിക പ്രശ്നങ്ങൾ അപഗ്രഥിക്കുന്നുനിർദാരണം ചെയ്യുന്നു | ജൂൺ -മാർച്ച് |
| .സമയം തിരിച്ചറിയുന്നു | ക്ലോക്കിന്റെ മോഡൽ ഉണ്ടാക്കൽ<br><br>24 മണിക്കൂർ ക്ലോക്ക്<br><br>എ എം പി എം എന്നിവ തിരിച്ചറിയൽ | ജൂൺ - മാർച്ച് |
| നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു | അബാക്കസ്<br><br>രൂപങ്ങൾ<br><br>ക്ലോക്ക്<br><br>വ്യത്യസ്തമായ പാറ്റേണുകൾ രൂപീകരിക്കൽ | ജൂൺ - മാർച്ച് |